നം. EX/CGL(1)/38000/2017/CGE

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം-12
തീയതി: 01.11.2017

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - 2017-18 അദ്ധ്യയന വർഷം പത്താം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ സമ്പൂർണയിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-
1. സ.ഉ.(സാധാ) നം. 1602/2017/പൊ.വി.വ. തീയതി 27.05.2017.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19.06.2017 ലെ എച്ച്2/34017/2017/ ഡി.പി.ഐ. നമ്പർ സർക്കുലർ.
3. പരീക്ഷാ കമ്മീഷണറുടെ 25.10.2017 ലെ ഇ.എക്സ്/സി.ജി.എൽ(1)/ 38000/2017/സി.ജി.ഇ. നമ്പർ എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 2018 വിജ്ഞാപനം.

വിദ്യാഭ്യാസ വകുപ്പിന്റെ ഡാറ്റാ ശേഖരണം 'സമ്പൂർണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ മാത്രം ഉപയോഗിച്ച് നടത്തുന്നതിന് സൂചന 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുണ്ട്. സ്കൂളിൽ നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്ന എല്ലാ വിദ്യാർത്ഥികളുടേയും (സമ്പൂർണയിൽ നൽകിയിട്ടുള്ള ഫീൽഡുകളിലെ) വിശദാംശങ്ങൾ പോർട്ടലിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് സൂചന 2 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന 3 പ്രകാരം 2018 ൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന സ്കൂൾ ഗോയിംഗ് കാൻഡിഡേറ്റ്സിന്റെ ഫോട്ടോ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ സമ്പൂർണവഴി ശേഖരിക്കുന്നതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2017-18 ൽ പത്താം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ സമ്പൂർണയിൽ കൃത്യമാണെന്ന് ഉറപ്പുവരുത്തുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. 'സമ്പൂർണ'യിൽ ഉൾപ്പെടുത്തുന്ന ഡാറ്റയുടെ അടിസ്ഥാനത്തിലാണ് എസ്.എസ്.എൽ.സി. കാർഡ് തയ്യാറാക്കുന്നത്. അതിനാൽ വിദ്യാർത്ഥിയെ സംബന്ധിക്കുന്ന എല്ലാ വിശദാംശങ്ങളും കൃത്യമാണെന്ന് അതത് ക്ലാസ് അധ്യാപകരും സ്കൂൾ പ്രഥമാധ്യാപകരും ഉറപ്പു വരുത്തേണ്ടതാണ്.

2. പത്താം ക്ലാസ്സിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥിയുടേയും അനുബന്ധമായി ചേർത്തിരിക്കുന്ന വിശദാംശങ്ങൾ സമ്പൂർണയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അതിൽ പിശകുകൾ ഇല്ലെന്നും പ്രഥമാധ്യാപകർ ഉറപ്പു വരുത്തേണ്ടതാണ്.

3. പത്താം ക്ലാസ്സിലെ എല്ലാ വിദ്യാർത്ഥികളുടേയും ഫോട്ടോ അപ്‌ലോഡ് ചെയ്യേണ്ടതാണ് (width : 150px, height : 200 px - size : 30 kb, Format : .jpg).

4. സമ്പൂർണ്ണയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡാറ്റയിൽ ഏതെങ്കിലും തിരുത്തലുകൾ ആവശ്യമെങ്കിൽ 2017 നവംബർ 18-ന് മുമ്പ് തിരുത്തേണ്ടതാണ്.

5. സമ്പൂർണയിലൂടെ ലഭിക്കുന്ന ഡാറ്റയുടെ അടിസ്ഥാനത്തിൽ പരീക്ഷാ ഭവന്റെ വെബ്സൈറ്റ് 20.11.2017 മുതൽ 16.12.2017 വരെ കുട്ടികളുടെ ഡാറ്റ പരിശോധനയ്ക്കായി ലഭിക്കുന്നതാണ്. അതിൽ നിന്നും കാൻഡിഡേറ്റ് ലിസ്റ്റ് ഡൗൺ ലോഡ് ചെയ്ത് തിരുത്തലുകളുണ്ടെങ്കിൽ സമ്പൂർണയിൽ തന്നെ വരുത്തി പ്രിന്റ്ഔട്ട്

എടുത്ത് പ്രഥമാധ്യാപകൻ ഒപ്പിട്ട് 18.12.2017 നകം ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്.

6. സ്കൂൾ ഗോയിങ്ങ് കാൻഡിഡേറ്റ്സിന്റെ വിവര ശേഖരണം 'സമ്പൂർണ്ണ' പോർട്ടൽ വഴി മാത്രമായിരിക്കും.

7. 'സമ്പൂർണ്ണ'യിലെ വിവരം ഉൾപ്പെടുത്തി തയ്യാറാക്കുന്ന എസ്.എസ്.എൽ.സി കാർഡിൽ തെറ്റ് കണ്ടെത്തിയാൽ ബന്ധപ്പെട്ട സ്കൂൾ പ്രഥമാധ്യാപകർക്കെതിരെ നടപടി ഉണ്ടാകും.

**പരീക്ഷാ കമ്മീഷണർ**

എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ മുഖേന)

പകർപ്പ്

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
സ്റ്റോക്ക് ഫയൽ

# അനുബന്ധം

| എസ്.എസ്.എൽ.സി. പരീക്ഷയ്ക്കുവേണ്ടി ചുവടെ ചേർത്തിരിക്കുന്ന വിശദാംശങ്ങൾ കൃത്യതയോടെ സമ്പൂർണയിൽ ഉൾപ്പെടുത്തേണ്ടതാണ്. | |
|---|---|
| 1. | Admission Number |
| 2. | Division |
| 3. | Name of student (in Malayalam) |
| 4. | Name of student (in English) |
| 5. | Gender |
| 6. | Medium of Instruction |
| 7. | Date of Birth |
| 8. | Religion |
| 9. | Category |
| 10. | Caste |
| 11. | Nationality |
| 12. | Place of Birth |
| 13. | Name of Guardian |
| 14. | Relation with Guardian |
| 15. | Name of Father |
| 16. | Name of Mother |
| 17. | Address 1 |
| 18. | Address 2 |
| 19. | First Language |
| 20. | Additional Language |
| 21. | Third Language |
| 22. | Identification Mark 1 |
| 23. | Identification Mark 2 |
| 24. | District |
| 25. | Aadhaar Number |
| 26. | Local Body |
| 27. | Local Body Type |
| 28. | Taluk |
| 29. | Physical status |
| 30. | Whether belongs to other District |